**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2089** **14-10-2024 - ൽ മറുപടിയ്ക്ക്**

**തുരങ്കപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട്-വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ -കല്ലാടി-മേപ്പാടി തുരങ്കപാതക്ക് 25/02/2022 ന് 2043.74 കോടി രൂപയുടെ ഭരണാനുമതിയും 20/03/2022 ന് 2134.50രൂപക്ക് കിഫ്ബിയിൽ നിന്ന് ധനാനുമതിയും ലഭിച്ചിട്ടുണ്ട്.നിർമ്മാണ പ്രവർത്തനത്തിനു വേണ്ടി കോഴിക്കോട് ജില്ലയിൽ 8.1225 ഹെക്ടർ സ്ഥലവും, വയനാട് ജില്ലയിൽ 8.0525 ഹെക്ടർ സ്ഥലവും സ്വകാര്യ ഭൂമി ഏറ്റെടുക്കുകയും ആയത് പദ്ധതിയുടെ SPV ആയ കൊങ്കൺ റെയിൽവേ കോർപ്പറേഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.. കൂടാതെ STAGE I ഫോറസ്റ്റ് ക്ലിയറൻസ് ലഭ്യമായിട്ടുണ്ട്. STAGE II ക്ലിയറൻസ് ലഭ്യമാകുന്നതിന് നടപടികൾ പുരോഗമിക്കുന്നു. Environment Clearance (EC) ലഭ്യമാക്കുവാൻ State Environmental Assessment Committee യിൽ അപേക്ഷിക്കുകയും നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.<br><br>കൂടാതെ മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികളുടെ ഭാഗമായി Financial Bid പാക്കേജ്(1) 08/07/2024-നും പാക്കേജ് (2) 04/09/2024 നും തുറക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ നിശ്ചയിച്ചിട്ടുമുണ്ട്. പ്രസ്തുത പദ്ധതിക്കായി Environment Clearance ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ